വൈദ്യുതി ഉപഭോക്താക്കളിൽ നിന്നും ബോർഡ് ഒരു യൂണിറ്റിന് ഈടാക്കിയ വൈദ്യുതി നിരക്ക്

19 (908) ശ്രീ. മത്തായി ചാക്കോ : താഴെ കാണുന്ന ചോദ്യത്തിന് വിദ്യുച്ഛക്തി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

ഈ സർക്കാർ അധികാരത്തിൽ വരുമ്പോൾ വിവിധ വൈദ്യുതി ഉപഭോക്താക്കളിൽ നിന്നും ബോർഡ് ഒരു യൂണിറ്റിന് ഈടാക്കിയ വൈദ്യുതി നിരക്ക് എത്രയായിരുന്നുവെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

ഉത്തരം അനുബന്ധമായി ചേർത്തിരിക്കുന്നു. *

ഗാർഹിക കണക്ഷനുകൾക്ക് ത്രീ ഫേസ്, സിംഗിൾ ഫേസ് എന്നിവയ്ക്ക് നിശ്ചയിച്ചിട്ടുള്ള ചാർജ്

20 (909) ശ്രീ. സി. മമ്മൂട്ടി :
ശ്രീ. സി. ടി. അഹമ്മദ് അലി :
ശ്രീ. ടി. പി. എം. സാഹിർ :
ശ്രീ. ഇസ്ഹാക് കുരിക്കൾ :
ശ്രീ. പി. കെ. കെ. ബാവ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഗാർഹിക കണക്ഷനുകൾക്ക് ത്രീ ഫേസ്, സിംഗിൾ ഫേസ് എന്നിവയ്ക്ക് മിനിമം ചാർജ്, കണക്റ്റഡ് ചാർജ് എന്നിവ നിശ്ചയിച്ചിട്ടുണ്ടോ ;

(ബി) ത്രീഫേസ് കണക്ഷനുകൾക്ക് 100 യൂണിറ്റ് മിനിമം ഉപഭോഗ ചാർജ്ജ് ഫിക്സ് ചെയ്യുക വഴി വൈദ്യുതിയുടെ ഉപയോഗം വർദ്ധിപ്പിക്കാനേ ഉപകരിക്കൂ എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) ഫിക്സ് ചെയ്തിരിക്കുന്ന മിനിമം തികയാത്തവരേയും കൂടുതൽ കൊടുക്കാൻ നിർബന്ധിക്കുന്നതിനാൽ വൈദ്യുതി കൂടുതൽ ഉപയോഗിക്കാനുള്ള പ്രവണത ഉണ്ടാകുമെന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഡി) ഇത് പരിഹരിക്കാൻ ഉപയോഗിക്കുന്ന യൂണിറ്റിന് മാത്രം ചാർജ് ഈടാക്കാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ത്രീഫേസ്, സിംഗിൾ ഫേസ്, ഗാർഹിക ഉപഭോക്താക്കൾക്ക് മിനിമം ചാർജ് നിലവിലുണ്ട്. കണക്റ്റഡ് ചാർജ് എന്ന ഒരു ഇനം നിലവിലില്ല.

(ബി) ഉണ്ട്.

(സി) ഉണ്ട്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

LIBRARY ARCHIVES Kerala Legislative Assembly

(ഡി) സംസ്ഥാന വൈദ്യുതി റെഗുലേറ്ററി കമ്മീഷനാണ് ഇത്തരം കാര്യങ്ങളിൽ തീരുമാനമെടുക്കേണ്ടത്.

കേബിൾ ടി.വി. ഓപ്പറേറ്റർമാർ കെ. എസ്. ഇ. ബി പോസ്റ്റുകൾ ഉപയോഗിക്കുന്നതിന് ചാർജ് ഈടാക്കാൻ നടപടി

21 (910) ശ്രീ. എം. എ. ചന്ദ്രശേഖരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേബിൾ ടി. വി. ഓപ്പറേറ്റർമാർ കെ. എസ്. ഇ. ബി. പോസ്റ്റുകൾ ഉപയോഗിക്കുന്നതിന് പോസ്റ്റ് ഒന്നിന് എന്ത് ചാർജ് ആണ് ഈടാക്കുന്നത് എന്ന് വ്യക്തമാക്കുമോ ;

(ബി) ഈ ഇനത്തിൽ സർക്കാരിലേയ്ക്ക് പ്രതിവർഷം എന്ത് വരുമാനമാണ് ലഭിച്ചുകൊണ്ടിരിക്കുന്നത് ;

(സി) കേരളത്തിൽ ഇവർ എത്ര കെ. എസ്. ഇ. ബി. പോസ്റ്റുകൾ ഉപയോഗിക്കുന്നുണ്ടെന്ന് വ്യക്തമാക്കാമോ ;

(ഡി) ഈയിനത്തിൽ ഏഷ്യാനെറ്റ് കണക്കിൽപ്പെടാതെ ഇലക്ട്രിക് പോസ്റ്റുകൾ ഉപയോഗിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഇ) ഉണ്ടെങ്കിൽ ഇവർക്കെതിരെ കർശന നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) കേബിൾ ടി. വി. ഓപ്പറേറ്റർമാരിൽ നിന്നും പുതുക്കിയ നിരക്കിൽ ഈടാക്കുന്ന തുക താഴെ പറയും പ്രകാരമാണ്.

പോസ്റ്റ് ഒന്നിന് യൂണിറ്റ് ഒരു വർഷത്തേയ്ക്ക്

1. അർബൻ, സെമി അർബൻ ഏരിയാകളിൽ - 108 രൂപ

2. റൂറൽ ഏരിയാകളിൽ - 54 രൂപ

(ബി) 163.04 ലക്ഷം രൂപ.

(സി) 7,61,699 എണ്ണം

(ഡി) ഉണ്ട്.

(ഇ) നടപടികൾ സ്വീകരിക്കുവാൻ കർശന നിർദ്ദേശം നൽകിയിട്ടുണ്ട്.

തെരുവു വിളക്കുകൾക്കായി മീറ്റർ ഘടിപ്പിക്കാൻ നടപടി

22 (911) ശ്രീ. എ. എ. അസീസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാന വൈദ്യുതി ബോർഡ് സ്ട്രീറ്റ് ലൈറ്റ് പ്രകാശിപ്പിക്കുന്നതിന്റെ പേരിൽ പ്രതിമാസം പഞ്ചായത്തുകളിൽ നിന്നും മുനിസിപ്പൽ കോർപ്പറേഷനിൽ നിന്നും എന്തു തുകയാണ് ഈടാക്കുന്നത് ; ജില്ല തിരിച്ചുള്ള കണക്ക് വെളിപ്പെടുത്തുമോ ;

LIBRARY ARCHIVES Kerala Legislative Assembly